**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3534** **26-10-2021 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവ്വകലാശാലയുടെ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാങ്കേതിക സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്ന അദ്ധ്യാപക നിയമനങ്ങളിൽ എ.ഐ.സി.ടി.ഇ., യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല എന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എഞ്ചിനിയറിങ് കോളേജുകളിലെ 2008 മുതലുള്ള അദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾക്കായുള്ള സെലക്ട് ലിസ്റ്റ് വീണ്ടും തയ്യാറാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പാൾ, പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ കേഡറുകളിലേക്കുള്ള ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിലുണ്ടായിരുന്ന ഒ.പി (കെഎടി) നം. 133/2020 ഉം, അനുബന്ധ ഹർജികളിലും 03.12.2020 തീയതിയായി പുറപ്പെടുവിച്ച പൊതു വിധി പ്രസ്താവം നടപ്പിലാക്കുന്നതിന്റെ ഭാഗമായി; 05.10.2021 ലെ സ.ഉ (സാധാ) നം. 1326/2021/ ഉവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പുതിയ സെലക്ട് ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ തസ്തികകളിൽ മാറ്റം വരാവുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ സാങ്കേതിക സർവ്വകലാശാലയിൽ നിയമനം നടത്തുവാൻ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ, ജോയിൻറ് ഡയറക്ടർ, ഡയറക്ടർ തസ്തികകളിലേക്ക് അപേക്ഷിക്കുവാൻ നിലവിൽ യോഗ്യതയില്ലാത്തവർ പുതിയ സെലക്ട് ലിസ്റ്റ് മുഖേന യോഗ്യരാകാവുന്നതും നിലവിൽ അപേക്ഷിച്ച അദ്ധ്യാപകർ അയോഗ്യരാകാവുന്നതുമായ സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അസിസ്റ്റന്റ് ഡയറക്ടർ, ജോയിൻറ് ഡയറക്ടർ, ഡയറക്ടർ തസ്തികകളിലേക്കുള്ള അപേക്ഷകളിന്മേൽ അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ